# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:6426** **31.10.2011 - ൽ മറുപടിക്ക്**

## ടെക്സ്റ്റൈൽ കോർപ്പറേഷൻ മില്ലുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മോൻസ് ജോസഫ് | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള മില്ലുകൾ നവീകരിക്കുവാൻ ഈ സർക്കാർ എന്തൊക്കെ നടപടികൾക്ക് രൂപം കൊടുത്തുവെന്ന് വ്യക്തമാക്കാമോ: | (എ) 2011 ഫെബ്രുവരി മാസത്തിൽ തുടങ്ങി ഇപ്പോഴും തുടരുന്ന ടെക്സ്റ്റൈൽ മേഖലയിലെ പ്രതിസന്ധിയും ആഗോള സാമ്പത്തികമാന്ദ്യവും കാരണം കെ.എസ്.റ്റി.സി യുടെ കീഴിലുള്ള മില്ലുകൾ നവീകരണത്തിന് നടപടികൾ എടുത്തിട്ടില്ല. |
| (ബി) ടെക്സ്റ്റൈൽ കോർപ്പറേഷന്റെ എത്ര മില്ലുകൾ നഷ്ടത്തിലാണ്; എത്ര കോടി രൂപയുടെ നഷ്ടമാണ് കണക്കാക്കിയിരിക്കുന്നത്; | (ബി) ടെക്സ്റ്റൈൽ കോർപ്പറേഷന്റെ 4 മില്ലുകളിലെ 2011-12 ലെ (30/9/11 വരെ) നഷ്ടത്തിന്റെ കണക്കുകൾ ചുവടെ ചേർക്കുന്നു.<br>1. മലബാർ സ്പിന്നിംഗ് & വീവിംഗ് മിൽ, കോഴിക്കോട് - 385.01 ലക്ഷം രൂപ<br>2. എടരിക്കോട് ടെക്സ്റ്റൈൽസ്, മലപ്പുറം - 345.46 ലക്ഷം രൂപ<br>3. കോട്ടയം ടെക്സ്റ്റൈൽസ്, കോട്ടയം - 328.90 ലക്ഷം രൂപ<br>4. പ്രഭുറാം മിൽസ്, ആലപ്പി - 246.16 ലക്ഷം രൂപ |
| (സി) ടെക്സ്റ്റൈൽ കോർപ്പറേഷന്റെ മില്ലുകളിൽ വൈവിധ്യവൽക്കരണത്തിനു വേണ്ടി ശ്രമം നടത്തുമോ? | (സി) കോർപ്പറേഷന്റെ യൂണിറ്റായ എടരിക്കോട് ടെക്സ്റ്റൈൽസിൽ വൈവിദ്ധ്യവൽക്കരണത്തിന്റെ (concentric diversification) ഭാഗമായി ഇന്റഗ്രേറ്റഡ് നിറ്റിംഗ് ആന്റ് ഗാർമെന്റ് യൂണിറ്റ് തുടങ്ങാൻ ആലോചനയുണ്ട്. |

സെക്ഷൻ ഓഫീസർ